# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :640 — 29.11. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിലെ വെട്ടിക്കുറച്ച തസ്തികകൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി. | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. യിൽ ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ എത്ര എണ്ണം വീതം വെട്ടിക്കുറച്ചിട്ടുണ്ട്;<br><br>(ബി) ഇതിനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;<br><br>(സി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മീറ്റർ റീഡർമാരുടെ തസ്തിക വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര തസ്തികകളാണ് വെട്ടിക്കുറച്ചത്; | (എ, ബി, & സി) കേന്ദ്ര ഊർജ്ജ വകുപ്പും, കേരള ഗവൺമെന്റും കെ.എസ്.ഇ.ബി.എൽ.-ഉം തമ്മിലുള്ള 'ത്രികക്ഷികരാർ' പ്രകാരം 'സ്മാർട്ട് മീറ്റർ' ഉപയോഗത്തിൽ കൊണ്ടു വരുവാൻ നിശ്ചയിച്ചിരിക്കുന്നു. പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) -ന്റെ ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജോലി ചെയ്യുന്ന ഏതു ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതിക വിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപയോഗം വിലയിരുത്തുവാൻ 'സ്മാർട്ട് മീറ്റർ' സഹായിക്കുന്നതു കൊണ്ടും നിലവിൽ മറ്റു തസ്തികകളിൽ ഉള്ള അധികമായ ജീവനക്കാരെ കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ സാഹചര്യം ഉള്ളതു കൊണ്ടും മീറ്റർ റീഡിംഗ് ജോലികൾക്ക് മീറ്റർ റീഡർ എന്ന തസ്തിക ആവശ്യമില്ലാത്ത നിലയിലേയ്ക്ക് വൈദ്യുതി മേഖല മാറുകയാണ്. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതടക്കമുള്ള നടപടികളുടെ ഭാഗമായി ജീവനക്കാരെ പുനർവിന്യസിക്കേണ്ട സാഹചര്യവും നിലവിലുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് മീറ്റർ റീഡർ തസ്തികയിൽ 799 എണ്ണം തൽക്കാലം നികത്തേണ്ടതില്ല എന്ന് ബഹു. ഹൈക്കോടതിയുടെ WP(C) No. 30039/2016 - ലെ വിധിയ്ക്ക് വിധേയമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 23.02.2018 ലെ B.O. (DB) No. 494/2018 (Estt. II/6718/2016), തിരുവനന്തപുരം പ്രകാരം തീരുമാനിച്ച് ഉത്തരവായി. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.യിൽ ജീവനക്കാരുടെ എണ്ണം കറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 33,000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27,175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

| | |
|---|---|
| | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെയും നൂതന സാങ്കേതിക വിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട KSERC കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയും അവശ്യം വേണ്ട എണ്ണം ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റു തസ്തികയിലേക്ക് പുനർവിന്യസിക്കേണ്ടിയും വരും.<br><br>ഓൺലൈൻ പേയ്മെന്റ് സംവിധാനം, spot billing machine എന്നിവ എല്ലാ സെക്ഷനാഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്. Smart metre വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് എടുത്തു വരികയാണ്. ഇതിന്റെയെല്ലാം ഭാഗമായി ബില്ലിംഗ്, മീറ്റർ റീഡിംഗ് എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവരെ പുനർ വിന്യസിക്കേണ്ടി വരും. ക്യാഷ് കളക്ഷന് രണ്ട് ഷിഫ്റ്റ് ആണ് നിലവിലുള്ളത്. ഒരുമ നെറ്റ് സംവിധാനം നടപ്പിലാക്കിയതോടുകൂടി പല സെക്ഷനുകളിലും രണ്ട് ഷിഫ്റ്റ് വഴി ക്യാഷ് കളക്ഷന്റെ ആവശ്യകത കുറഞ്ഞുവരികയാണ്. ഇപ്പോൾതന്നെ എല്ലാ സെക്ഷനാഫീസുകളിലും പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. ഇത് മീറ്റർ റീഡിംഗ് ജോലിഭാരം ഗണ്യമായി കുറച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി കാഷ്യർ, മീറ്റർ റീഡർ തുടങ്ങിയ തസ്തികകളിൽ ജീവനക്കാരെ പുതുതായി എടുക്കുന്നതിനുപകരം നിലവിൽ അധികമായി കണ്ടെത്തുന്നവരെ പുനർവിന്യസിക്കുന്നതിനാണ് ബോർഡ് മുൻഗണന നൽകുന്നത്. ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ